## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1404** **20.01.2014 ലെ മറുപടിയ്ക്ക്**

# ചേലക്കര പരവൂരിലെ ഐ.റ്റി.സി.കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ചേലക്കര മണ്ഡലത്തിലെ പരവൂരിൽ പട്ടികജാതിവികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.സി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് സർക്കാർ ഏല്പിച്ചിരിക്കുന്നത്. |
| (ബി) കരാറുകാരന് പൂർത്തിയാക്കിയ പണിക്കുള്ള ബിൽ തുക നൽകാത്തതിനാലാണ് പണി മുടങ്ങിയതെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൂർത്തിയാക്കിയ പ്രവൃത്തിയുടെ ബിൽ തുക മുഴുവനായും കരാറുകാരന് നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത പ്രവൃത്തിക്ക് നൽകിയിട്ടുള്ള ഭരണാനുമതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) 31.08.2010 ലെ സ.ഉ.(എം.എസ്) നം. 97/2010/പജപവവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയത്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) ഭരണാനുമതിയനുസരിച്ച് എത്രത്തോളം പണി പൂർത്തിയാക്കിയെന്നും എന്തു തുക കരാറുകാരന് നൽകിയിട്ടുണ്ടെന്നും പൂർത്തിയാക്കിയ പണിക്ക് കുടിശ്ശിക ഇനത്തിൽ എന്തു തുക കൊടുക്കുവാനുണ്ടെന്നും അറിയിക്കാമോ; | (ഡി) ഭരണാനുമതി അനുസരിച്ച് കരാറുകാരൻ 35% പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ ഇനത്തിൽ 77 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. കുടിശ്ശികയിനത്തിൽ കരാറുകാരന് തുകയൊന്നും നൽകാനില്ല. |
| (ഇ) സമയബന്ധിതമായി പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി സ്ഥാപനത്തിന്റെ പ്രവർത്തനം സുഗമമായി നടത്തുവാനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) സ്വീകരിച്ചിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - തൃശ്ശൂർ ജില്ലയിൽ തലപ്പള്ളി താലൂക്കിൽ വരവൂർ പഞ്ചായത്തിൽ വ്യവസായ പരിശീലന കേന്ദ്രം തുടങ്ങുന്നതിനും മെക്കാനിക്ക് (മോട്ടോർ വെഹിക്കിൾ - 2 വർഷം) ഡ്രൈവർ-കം-മെക്കാനിക്ക് (എൽ.എം.വി. - 6 മാസം) എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിനും 6 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ. (എം.എസ്.) നം.97/2010/പജപവവിവ. തിരുവനന്തപുരം, തീയതി 31/08/2010

---

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 04/11/08, 18/06/09, 09/10/09, 15/05/10, 01/06/10, 20/07/10 എന്നീ തീയതികളിലെ ഇ 9/15024/06 നമ്പർ കത്തുകൾ.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിലെ വരവൂർ പഞ്ചായത്തിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ഐ.ടി.സി. പുനരുജ്ജീവിപ്പിച്ച് താഴെപ്പറയുന്ന പ്രകാരം മെക്കാനിക്ക് (മോട്ടോർ വെഹിക്കിൾ), ഡ്രൈവർ-കം-മെക്കാനിക്ക് (എൽ.എം.വി.)എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിനും ഇതിനായി 6 (ആറ്) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്തുകളിലൂടെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

| ട്രേഡ് | മെക്കാനിക്ക് (മോട്ടോർ വെഹിക്കിൾ) | ഡ്രൈവർ-കം-മെക്കാനിക്ക് (എൽ.എം.വി.) |
|---|---|---|
| കോഴ്സ് ദൈർഘ്യം | 2 വർഷം | 6 മാസം |
| കുട്ടികളുടെ എണ്ണം | 21 + 21 | 21 |
| വിദ്യാഭ്യാസ യോഗ്യത | എസ്.എസ്.എൽ.സി. പാസായിരിക്കണം | എസ്.എസ്.എൽ.സി. പാസായിരിക്കണം |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ വരവൂർ പഞ്ചായത്തിൽ പ്രവർത്തനരഹിതമായിക്കിടക്കുന്ന ഐ.ടി.സി. പുനരുജ്ജീവിപ്പിച്ച് ഒരു പുതിയ വ്യവസായ പരിശീലന കേന്ദ്രം തുടങ്ങുന്നതിനും മെക്കാനിക്ക് (മോട്ടോർ വെഹിക്കിൾ - 2 വർഷം), ഡ്രൈവർ-കം-മെക്കാനിക്ക് (എൽ.എം.വി. - 6 മാസം) എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിനും വ്യവസായ പരിശീലന കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ താഴെപ്പറയുന്ന 6 (ആറ്) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തിക | എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | ട്രെയിനിംഗ് സൂപ്രണ്ട് | 1 | 8390-13270 രൂപ |
| 2 | ട്രെയിനിംഗ് ഇൻസ്ട്രക്ടർ (മോട്ടോർ വെഹിക്കിൾ) | 2 | 7480-11910 രൂപ |
| 3 | ട്രെയിനിംഗ് ഇൻസ്ട്രക്ടർ (ഡ്രൈവർ-കം-മെക്കാനിക്ക്) | 1 | 7480-11910 രൂപ |
| 4 | ശിപായി | 1 | 4510-6230 രൂപ |
| 5 | സ്വീപ്പർ-കം-വാച്ചർ | 1 | 4510-6230 രൂപ |

3) പ്രസ്തുത വ്യവസായ പരിശീലന കേന്ദ്രത്തിനു വേണ്ടി വരുന്ന ചുവടെ ചേർത്തിരിക്കുന്ന ആവർത്തന/അനാവർത്തന ചെലവുകൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ചെലവുകൾ ഓരോ ഇനങ്ങൾക്കും നേരെ കൊടുത്തിരിക്കുന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

**ആവർത്തന ചെലവുകൾ**

| ക്രമ നം. | ഇനം | തുക | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|
| 1 | ജീവനക്കാരുടെ ശമ്പളം | 784248 | 2225-01-800-99-01- സാലറീസ് (എൻ.പി) |
| 2 | വിദ്യാഭ്യാസാനുകൂല്യം | 3,57,325 | 2225-01-277-98 മെട്രിക്കുലേഷനു ശേഷമുള്ള പഠനം |
| 3 | യൂണിഫോം അലവൻസ് | 75,600 | 2225-01-800-99-34 ഐ.ടി.സി. മറ്റു ചെലവുകൾ (നോൺ പ്ലാൻ/പ്ലാൻ) |
| 4 | അസംസ്കൃത സാധനങ്ങൾ | 50000 | 2225-01-800-97 - പി.സി.ടി.സി. (പി) |
| 5 | സ്റ്റേഷനറി & റഫറൻസ് ബുക്ക് | 30,000 | 2225-01-800-99-05-ഓഫീസ് എക്സ്പൻസസ് |
| 6 | വൈദ്യുതി, വെള്ളം | 75,000 | 2225-01-800-99-05-02 ഇലക്ട്രിസിറ്റി, 2225-01-800-99-05-01 വെള്ളം |
| | ആകെ | 1372173 | |
| (പതിമൂന്ന് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി ഒരുനൂറ്റി എഴുപത്തി മൂന്നു രൂപാ മാത്രം) | | | |

അനാവർത്തന ചെലവുകൾ

| ക്രമ നം. | ഇനം | തുക | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|
| 1 | ഐ.ടി.സി. കെട്ടിടം, ഹോസ്റ്റൽ, ഇലക്ട്രിക് അറേഞ്ച്മെന്റ്, മഴവെള്ള സംഭരണി, കുഴൽക്കിണർ എന്നിവ നിർമ്മിയ്ക്കുന്നതിന്. | 3,15,00,000 | 4225-01-800-91-ഹോസ്റ്റലുകൾക്കും പരിശീലന കേന്ദ്രങ്ങൾക്കുമായി സ്ഥലവും, കെട്ടിടവും (പി) |
| 2 | ത്രീ ഫേസ് കണക്ഷൻ | 3,00,000 | 2225-01-800-97-പി.സി.ടി.സി (പി) |
| 3 | ടൂൾസ് ആന്റ് എക്യുപ്മെന്റ്സ് (രണ്ട ട്രേഡിനും) | 63,57,940 | 2225-01-800-97-പി.സി.ടി.സി (പി) |
| 4 | ഫർണിച്ചർ | 1,00,000 | 2225-01-800-97-പി.സി.ടി.സി (പി) |
| | **ആകെ** | **3,82,57,940** | |
| (മൂന്നു കോടി എൺപത്തിരണ്ട് ലക്ഷത്തി അൻപത്തിഏഴായിരത്തി തൊള്ളായിരത്തി നാല്പത് രൂപാ മാത്രം) | | | |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

പോൾ ആന്റണി
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (12/08/10-ലെ 57050/WW3/10/ധന. നമ്പർ പ്രകാരം)
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്. (06/07/2010-ലെ 8389/എ 2/10/പ്ളാനിംഗ് നമ്പർ പ്രകാരം)
തൊഴിൽ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, വരവൂർ പഞ്ചായത്ത്, തൃശ്ശൂർ ജില്ല.
സ്റ്റോക്ക് ഫയൽ/ഒ.സി.
വെബ് സൈറ്റ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു: നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു: പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
സെക്രട്ടറിയുടെ സി.എ.യ്ക്ക്.

സെക്ഷൻ ഓഫീസർ